**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4596** — **25-06-2019 ൽ മറുപടിക്ക്**

## കിഴക്കേക്കോട്ടയിലെ അനധികൃത കയ്യേറ്റം

**ചോദ്യം**

ശ്രീ. പി.കെ.അബ്ദു റബ്ബ് :

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കിഴക്കേക്കോട്ടയിലെ ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് പരിസരത്തുള്ള കച്ചവടക്കാരെ ഒഴിപ്പിക്കുമ്പോൾ 80 ച. അടി വിസ്തീർണ്ണമുള്ള ബങ്കുകൾ വാടകക്കരാർ പ്രകാരം നൽകാൻ തീരുമാനിച്ച 16 കച്ചവടക്കാർ ആരൊക്കെ എന്ന് വ്യക്തമാക്കുമോ;

(എ) കിഴക്കേക്കോട്ട ബസ് കാത്തിരിപ്പ് കേന്ദ്രപരിസരത്ത് ബങ്കുകൾ വാടകകരാർ പ്രകാരം നൽകാൻ തീരുമാനിച്ച 16 കച്ചവടക്കാരുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വിസ്തീർണ്ണം | സർവ്വേ നം | വില്ലേജ് |
|---|---|---|---|---|
| 1 | ശ്രീമതി.കെ ശൈലജ കുമാരി | 00.28 സ്വ.മീ | 659 | വഞ്ചിയൂർ |
| 2 | ശ്രീ.പി. രവീന്ദ്രൻ നായർ | 00.200 സെന്റ് | 659 | വഞ്ചിയൂർ |
| 3 | ശ്രീ. ശോഭന കുമാർ | 00.230 സെന്റ് | 659 | വഞ്ചിയൂർ |
| 4 | ശ്രീമതി ആമിനാ ബീവി | 00.260 സെന്റ് | 659 | വഞ്ചിയൂർ |
| 5 | ശ്രീമതി എ.എസ്. റസിയ | 00.290 സെന്റ് | 659 | വഞ്ചിയൂർ |
| 6 | ശ്രീ.നിസാം | 00.720 സെന്റ് | 659 | വഞ്ചിയൂർ |
| 7 | ശ്രീ.എം.പി.രാജൻ | 00.395 സെന്റ് | 659 | വഞ്ചിയൂർ |
| 8 | ശ്രീമതി. ലത്തീഫാ ഇബ്രഹാം | 00.518 സക്വ.ലിങ്സ് | 659 | വഞ്ചിയൂർ |
| 9 | ശ്രീ.ജി. ജയകുമാർ | 00.385 സെന്റ് | 659 | വഞ്ചിയൂർ |
| 10 | ശ്രീ. വിജയകുമാർ | 00.610 സെന്റ് | 659 | വഞ്ചിയൂർ |
| 11 | ശ്രീ. ബി. സുകുമാരൻ നായർ | 00.320 സെന്റ് | 659 | വഞ്ചിയൂർ |
| 12 | ശ്രീ.കെ. സാബു | 00.500 സെന്റ് | 659 | വഞ്ചിയൂർ |
| 13 | ശ്രീമതി സുലൈഖാ ബീവി | 00.230 സെന്റ് | 659 | വഞ്ചിയൂർ |
| 14 | ശ്രീ സനൽ | 00.20 സ്ക്വ.മീ | 659 | വഞ്ചിയൂർ |
| 15 | ശ്രീ.കെ. രവീന്ദ്രൻ | 00.558 സെന്റ് | 659 | വഞ്ചിയൂർ |
| 16 | ശ്രീ.ഷാഹുൽ ഹമീദ് | 00.292 സെന്റ് | 659 | വഞ്ചിയൂർ |

| | |
|---|---|
| (ബി) ഇവരെ മാത്രമാണോ പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇവരുടെ പുനരധിവാസപ്രവൃത്തി എപ്പോൾ നടക്കുമെന്നറിയിക്കുമോ; | (ബി) ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.08.2016 തീയതിയിൽ ചേർന്ന യോഗത്തിൽ കിഴക്കേക്കോട്ട ബസ് കേന്ദ്രത്തിന് പരിസരത്ത് കച്ചവടം നടത്തിയിരുന്ന 16 കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിന് മുമ്പ് അവരെ പുനരധിവസിപ്പിക്കണമെന്ന് തീരുമാനിച്ചു. തുടർന്ന് 09.05.2018 തീയതിയിൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി പ്രദേശത്ത് കച്ചവടം ചെയ്ത് ഉപജീവനം നടത്തിവന്ന നാല് കച്ചവടക്കാരെ കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. ഇവരെയെല്ലാം പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പുനരധിവാസം നടത്തിയിട്ട് മാത്രമേ കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കെട്ടിടങ്ങൾ പൊളിച്ച് മാറ്റൂ എന്ന ഗവൺമെന്റ് നിലപാട് നിലനിൽക്കുന്നതിനാൽ കോട്ടമതിൽ അനധികൃത കയ്യേറ്റക്കാരിൽ നിന്ന് എപ്പോൾ ഒഴിപ്പിക്കാനാകുമെന്ന് അറിയിക്കുമോ; | (സി) പുനരധിവാസത്തിനുള്ള സ്ഥലം ലഭ്യമാക്കി കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതാണ്. |
| (ഡി) അനധികൃതക്കാരെ ഒഴിപ്പിക്കുന്നതിൽ മാനുഷിക പരിഗണന നൽകേണ്ട എത്ര കേസ്സുകളുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്; ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിന് ഉപദേശം ലഭിച്ചത് എവിടെ നിന്നാണെന്ന് വ്യക്തമാക്കുമോ; | (ഡി) കിഴക്കേക്കോട്ട ബസ് സ്റ്റാന്റിലെ 20 കച്ചവടക്കാരെയാണ് പുനരധിവസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.08.2016, 09.05.2018 എന്നീ തീയതികളിൽ കൂടിയ യോഗത്തിലാണ് തീരുമാനം കൈക്കൊണ്ടത്. നീണ്ട കാലയളവിലായി കുത്തകപ്പാട്ടം പ്രകാരം തുക അടച്ച് ഭൂമി കൈവശം വച്ചു വരുന്നവർ ഇതിൽ ഉൾപ്പെടുന്നു. പിന്നീട് ടി പാട്ടങ്ങൾ റദ്ദാക്കിയിട്ടുള്ളതാണ്. നീണ്ട കാലയളവിലായി പാട്ടം അടച്ചു വരുന്നവരും ഉപജീവനമാർഗ്ഗമായി ടി സ്ഥലം കച്ചവടത്തിനായി ഉപയോഗിച്ചുവരുന്നതുമായ പ്രത്യേകത കൂടി കണക്കിലെടുത്താണ് ടി വിഷയത്തിൽ പുനരധിവാസം പരിഗണിച്ചത് . |
| (ഇ) ഗവൺമെന്റ് സ്ഥലം കൈയ്യേറി കച്ചവടസ്ഥാപനങ്ങളും താമസ സൗകര്യവും ഒരുക്കുന്നവർക്ക് ഗവൺമെന്റ് ചിലവിൽ മാനുഷിക പരിഗണന നൽകി പുനരധിവാസ നടപടികൾ കൈക്കൊള്ളുന്നതു പോലെ ഭവനരഹിതരും ജീവിതമാർഗ്ഗ മില്ലാതെ കഷ്ടപ്പെടുന്നവർക്കു കൂടി ടി സഹായം വ്യാപിപ്പിച്ച് നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ? | (ഇ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**